**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **16-09-2025 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തീവ്രദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്നവരെ കണ്ടെത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ ഈ സർക്കാർ ആവിഷ്കരിച്ച നടപ്പാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനങ്ങൾ പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. ബഹു. മുഖ്യമന്ത്രിയുടെയും തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെയും തലങ്ങളിൽ കാലാകാലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും പരിഹാരനിർദ്ദേശങ്ങൾ നല്കുകയും ചെയ്തുവരുന്നു.<br><br>സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം. തദ്ദേശ സ്ഥാപന തലത്തിലും ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന തയ്യാറാക്കിയ അതിദരിദ്രരുടെ പ്രാഥമിക പട്ടികയിന്മേൽ വിശദമായ വിവരശേഖരണം നടത്തി കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റാ സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി, ഓരോ തദ്ദേശസ്ഥാപനത്തിന്റെയും ഗ്രാമ/വാർഡ് സഭകളുടെയും തദ്ദേശ സ്ഥാപനത്തിന്റെ തന്നെയും അംഗീകാരത്തോടെയാണ് അന്തിമ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്.<br><br>പ്രസ്തുത കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപന തലത്തിലും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടന്ന് വരുന്നു. സംസ്ഥാനത്ത് ആകമാനം കണ്ടെത്തിയ 64006 കുടുംബങ്ങളിൽ 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി ബഹു. മുഖ്യമന്ത്രി 'കേരളീയം' പരിപാടിയിൽ വച്ച് 2023 നവംബർ 1-ന് പ്രഖ്യാപിച്ചിരുന്നു.<br><br>നിലവിലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 53027 കുടുംബങ്ങളെ (83%) നാളിതു വരെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള 2812 കുടുംബങ്ങളെ 2025 ഒക്ടോബർ 31-നകം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (ബി) | അതിദാരിദ്ര്യമില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആകമാനം കണ്ടെത്തിയ 64006 കുടുംബങ്ങളിൽ ആദ്യഘട്ടമായി 30658 (47.89%) കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി ബഹു. മുഖ്യമന്ത്രി 'കേരളീയം' പരിപാടിയിൽ വച്ച് 2023 നവംബർ 1ന് പ്രഖ്യാപിച്ചിരുന്നു. ഏറ്റവും അത്യാവശ്യവും ഒഴിച്ച് കൂടാനാവാത്തതുമായ ഭക്ഷണം, ആരോഗ്യ പരിരക്ഷ എന്നിവയ്ക്കാണ് ആദ്യ വർഷം ഊന്നൽ കൊടുത്തത്. കൂടാതെ, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21263 അവകാശ രേഖകളും (വോട്ടർ ഐഡി, ആധാർകാർഡ്, റേഷൻകാർഡ്, ഹെൽത്ത് ഇൻഷുറൻസ്, ഭിന്നശേഷികാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽകാർഡ് മുതലായവ) അടിയന്തിര സേവനങ്ങളും നൽകുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിരുന്നു. തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാനുള്ള സജീവ പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചു വരികയാണ്.<br><br>നാളിത് വരെ വീട് മാത്രം ആവശ്യമുള്ള 3773 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി, അവരുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള 1253 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് വർദ്ധിപ്പിച്ച ആനുകൂല്യം നൽകുകയും 5144 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ലഭിയ്ക്കുവാൻ അർഹതയുള്ള കുടുംബങ്ങളിൽ വാടക വീടുകളിൽ താമസിയ്ക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച 610 കുടുംബങ്ങളെ വാടക വീടുകളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുമുണ്ട്. ഏകാംഗ കുടുംബത്തിൽ ഉൾപ്പെട്ട 428 പേരെയും ഏകാംഗ കുടുംബത്തിൽ അല്ലാത്ത 520 പേരെയും ഉൾപ്പെടെ 948 പേരെ ഷെൽട്ടർ ഹോമിലേക്ക് സുരക്ഷിതമായി മാറ്റി പാർപ്പിച്ചിട്ടുണ്ട്.<br><br>വരുമാനം ക്ലേശ ഘടകമായ 4395 കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം നല്കാനും സാധിച്ചിട്ടുണ്ട്.<br><br>നിലവിലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 53027 കുടുംബങ്ങളെ (83%) നാളിതു വരെ അതിദാരിദ്ര്യ ത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള 2812 കുടുംബങ്ങളെ 2025 ഒക്ടോബർ 31-നകം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിൽ ഏറിയ പങ്കും സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) എന്നിവ ആവശ്യമുള്ളവരുമാണ്. |
| (സി) | ഏകാംഗ കുടുംബങ്ങളിൽ പുനഃരധിവാസം ആവശ്യമുള്ളവർക്ക് ബദൽ സംവിധാനം ഒരുക്കിയിട്ടുണ്ടോ; | (സി) | ഏകാംഗ കുടുംബങ്ങളിൽ 60 വയസ്സിൽ താഴെ പ്രായമുള്ള വീട് മാത്രം ആവശ്യമുള്ള 781 കുടുംബങ്ങൾക്ക് വീട് അനുവദിച്ച് നൽകുന്നതിന് സാധിച്ചിട്ടുണ്ട്. വീടും സ്ഥലവും ആവശ്യമുള്ള 152 കുടുംബങ്ങളുടെ വീട് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം ആവശ്യമുള്ള 1529 കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ബന്ധുക്കളോടൊപ്പം താമസിക്കുന്നതിന് താൽപര്യം അറിയിച്ച 60 വയസ്സിന് മുകളിൽ പ്രായമുള്ള ഏകാംഗ കുടുംബങ്ങളിലുള്ളവർക്ക് നിലവിലെ സ്ഥിതി |

| | | | |
|---|---|---|---|
| | | | തുടരുന്നതിനും, ഷെൽട്ടർ ഹോം ആവശ്യമുള്ള 428 കുടുംബങ്ങളെ ഷെൽട്ടർ ഹോമിലേക്ക് പുനരധിവസിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 30658 (47.89%) ആദ്യഘട്ടത്തിൽ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി. കൂടാതെ, 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി 21263 അവകാശരേഖകളും (വോട്ടർ ഐഡി, ആധാർകാർഡ്, റേഷൻകാർഡ്, ഹെൽത്ത് ഇൻഷുറൻസ്, ഭിന്നശേഷികാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽകാർഡ് മുതലായവ) അടിയന്തിര സേവനങ്ങളും നൽകുന്നതിനുള്ള നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനം വഴി ഭക്ഷണം, ആരോഗ്യം എന്നീ ക്ലേശഘടകങ്ങൾ ഉള്ള കുടുംബങ്ങൾക്ക് തുടർച്ചയായി തടസ്സമില്ലാത്ത ഭക്ഷണവും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നുണ്ട്. ബാക്കിയുള്ള കുടുംബങ്ങളെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കുവാനുള്ള സജീവ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.<br><br>വരുമാനം ക്ലേശ ഘടകമായ 4395 കുടുംബങ്ങൾക്ക് വരുമാന മാർഗ്ഗം നല്കാനും സാധിച്ചിട്ടുണ്ട്.<br><br>നിലവിലെ കണക്കുകൾ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളിൽ 53027 കുടുംബങ്ങളെ (83%) നാളിതു വരെ അതിദാരിദ്ര്യ ത്തിൽ നിന്ന് മുക്തരാക്കുവാൻ സാധിച്ചിട്ടുണ്ട്. ഇനി അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിയ്ക്കുവാനുള്ള 2812 കുടുംബങ്ങളെ 2025 ഒക്ടോബർ 31-നകം അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. ഇതിൽ ഏറിയ പങ്കും സുരക്ഷിതമായ വാസസ്ഥലം (വസ്തുവും വീടും, വീട് മാത്രം, നിലവിലെ വീടുകളുടെ പുനരുദ്ധാരണം) എന്നിവ ആവശ്യമുള്ളവരുമാണ്. നാളിത് വരെ വീട് മാത്രം ആവശ്യമുള്ള 3773 കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിനുള്ള ആനുകൂല്യം നൽകി, അവരുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള 1253 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുബങ്ങൾക്ക് വർദ്ധിപ്പിച്ച ആനുകൂല്യം നൽകുകയും 5144 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ലഭിയ്ക്കുവാൻ അർഹതയുള്ള |

| | | | |
|---|---|---|---|
| | | | കുടുംബങ്ങളിൽ വാടക വീട്ടുകളിൽ താമസിയ്ക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ച 610 കുടുംബങ്ങളെ വാടക വീട്ടുകളിൽ മാറ്റി പാർപ്പിച്ചിട്ടുമുണ്ട്. 2025 നവംബർ 1-ന് മുമ്പ് സംസ്ഥാനത്തെ അതിദാരിദ്ര്യ മുക്തമാക്കുന്നതിനു ലക്ഷ്യമിട്ടുള്ള പദ്ധതി പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് **അനുബന്ധം 1-** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

| അനുബന്ധം - 1 | | | | | | | |
|---|---|---|---|---|---|---|---|
| അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ നിലവിലെ പുരോഗതി റിപ്പോർട്ട് | | | | | | | |
| District | ആകെ കണ്ടെത്തിയ അതിദരിദ്രർ | അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായവർ | | | പുരോഗതി % (64006) | | |
| | | 19.05.25 | 15.06.25 | 22.08.25 | 19.05.25 | 15.06.25 | 22.08.25 |
| Alappuzha | 3613 | 3087 | 3131 | 3160 | 85.44 | 86.66 | 87 |
| Ernakulam | 5650 | 4715 | 4729 | 4854 | 83.45 | 83.7 | 86 |
| Idukki | 2665 | 1984 | 1998 | 2045 | 74.45 | 74.97 | 77 |
| Kannur | 4208 | 3884 | 3901 | 3905 | 92.3 | 92.7 | 93 |
| Kasaragod | 2768 | 1861 | 1892 | 1949 | 67.23 | 68.35 | 70 |
| Kollam | 4461 | 3388 | 3467 | 3607 | 75.95 | 77.72 | 81 |
| Kottayam | 1071 | 862 | 903 | 912 | 80.49 | 84.31 | 85 |
| Kozhikode | 6773 | 5600 | 5709 | 5772 | 82.68 | 84.29 | 85 |
| Malappuram | 8553 | 7122 | 7228 | 7320 | 83.27 | 84.51 | 86 |
| Palakkad | 6443 | 5226 | 5430 | 5519 | 81.11 | 84.28 | 86 |
| Pathanamthitta | 2579 | 1758 | 1771 | 1820 | 68.17 | 68.67 | 71 |
| Thiruvananthapuram | 7278 | 5506 | 5565 | 5760 | 75.65 | 76.46 | 79 |
| Thrissur | 5013 | 4159 | 4178 | 4245 | 82.96 | 83.34 | 85 |
| Wayanad | 2931 | 2119 | 2149 | 2159 | 72.3 | 73.32 | 74 |
| **Total** | **64006** | **51271** | **52051** | **53027** | 80.1 | 81.32 | 83 |